**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1557** **07-02-2023 - ൽ മറുപടിയ്ക്ക്**

**നെന്മാറ ഗവ. ഐ .ടി .ഐ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | നെന്മാറ ഗവ. ഐ. ടി. ഐ. യ്ക്ക് ഇറിഗേഷൻ വകുപ്പ് അനുവദിച്ച രണ്ടര ഏക്കർ ഭൂമി മുഴുവനായും കൈമാറിയിട്ടില്ല എന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ചിറ്റൂർ താലൂക്കിൽ വല്ലങ്ങി വില്ലേജിൽ ബ്ലോക്ക് നം.56 ൽ റീ.സ.നം.497/10 ലുൾപ്പെട്ടതും ഇറിഗേഷൻ വകുപ്പിന്റെ അധീനതയിൽ ഉള്ളതുമായ 1.0120 ഹെക്ടർ (2.50 ഏക്കർ) ഭൂമി നെന്മാറ ഐ.ടി.ഐ സ്ഥാപിക്കുന്നതിനായി വ്യവസായിക പരിശീലന വകുപ്പിന് കൈമാറ്റം ചെയ്യുന്നതിനായി ജില്ലാ കളക്ടറുടെ കാര്യാലയത്തിൽ നിന്നും ഭൂമികൈമാറ്റ പ്രപ്പോസൽ 10.09.2015 ന് ലാന്റ് റവന്യൂ കമ്മീഷണർക്ക് സമർപ്പിച്ചിട്ടുള്ളതാണ്. എന്നാൽ സർക്കാർ പദ്ധതികൾക്ക് അനുയോജ്യമായ ഭൂമി നൽകുനാൾ കുറഞ്ഞുവരുന്ന സാഹചര്യത്തിൽ ഐ.ടി.ഐ സ്ഥാപിക്കുന്നതിന് 1.07 ഏക്കർ ഭൂമി ആവശ്യമാണെന്ന് ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിങ് ന്യൂഡൽഹിയുടെ ഏറ്റവും പുതിയ മാനദണ്ഡപ്രകാരം നിഷ്കർഷിച്ചിട്ടുള്ളതിനാലും, 1.07 ഏക്കർ ഭൂമി വ്യവസായ പരിശീലന വകുപ്പിന് കൈമാറ്റം ചെയ്യുന്നതിന് 29.10.2019 തീയതിയിൽ സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 329/2019/ റവ. പുറപ്പെടുവിക്കുകയും തുടർന്ന് ടി ഭൂമി വ്യവസായിക പരിശീലന വകുപ്പിന് കൈമാറിയിട്ടുള്ളതുമാണ്. |
| (ബി) | ഈ വിഷയം സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ; ഈ പരാതിയിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | (ബി) | പരാതി ലഭിച്ചിട്ടുണ്ട്. ആയത് സർക്കാരിന്റെ പരിഗണയിലാണ്. |

സെക്ഷൻ ഓഫീസർ